## ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
## ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ: ഇ3/2400/2023/എബിറ്റിറ്റി/2507      തീയതി : 04.12.2023

### ക്വട്ടേഷൻ പരസ്യം

വിഷയം: ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് - 2024 പൊങ്കാല മഹോത്സവം – കുത്തിയോട്ട നേർച്ച കുട്ടികൾക്ക് ആവശ്യമായ ആഹാര പദാർത്ഥങ്ങൾ പാചകം ചെയ്ത് വിളമ്പി നൽകുന്നതിനുവേണ്ടിയുള്ള ക്വട്ടേഷൻ പരസ്യം

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ 2024–ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തിനോടനുബന്ധിച്ച് നേർച്ച കുത്തിയോട്ട കുട്ടികൾക്കു വേണ്ടി 19.02.2024 മുതൽ 24.02.2024 വരെ മൂന്ന് (3) നേരങ്ങളിൽ താഴെ വിവരിക്കുന്ന വിധത്തിൽ ആഹാര പദാർത്ഥങ്ങൾ പാചകം ചെയ്ത് വിളമ്പി നൽകുന്നതിനായി പരിചയ സമ്പന്നരായ ബ്രാഹ്മണ പാചകക്കാരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| 19.02.2024<br>തിങ്കളാഴ്ച | ഉച്ചയ്ക്ക് | സദ്യ – ഉദ്ദേശം 800 കുട്ടികൾക്കു വേണ്ടിയുള്ള വിഭവങ്ങൾ ഇഞ്ചിക്കറി, അവിയൽ, കിച്ചടി, തോരൻ, പരിപ്പ്, പർപ്പടം, സാമ്പാർ, സംഭാരം, പാൽപ്പായസം (അമ്പലപ്പുഴ) കുടിക്കുവാനുള്ള ചൂടുവെള്ളം (കരിങ്ങാലി). |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് തുടങ്ങിയവയും (ചിലപ്പോൾ മുന്തിരി, ഓറഞ്ച് അല്ലെങ്കിൽ ഫ്രൂട്ട്സ് സലാഡ്) |
| 20.02.2024<br>ചൊവ്വാഴ്ച | രാവിലെ | കഞ്ഞി, പയർ, പർപ്പടം |
| | ഉച്ചയ്ക്ക് | ചെറുപയർ പ്രഥമനോടു കൂടിയ സദ്യ |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് (ചിലപ്പോൾ ഫ്രൂട്ട്സ് സലാഡ്, മുന്തിരി, ഓറഞ്ച്, ആപ്പിൾ തുടങ്ങിയവ) |
| 21.02.2024<br>ബുധനാഴ്ച | രാവിലെ | കഞ്ഞി, പയർ, പർപ്പടം |
| | ഉച്ചയ്ക്ക് | പാൽപ്പായസ(അമ്പലപ്പുഴ)ത്തോടു കൂടിയുള്ള സദ്യ. |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് (ചിലപ്പോൾ ഫ്രൂട്ട്സ് സലാഡ്, മുന്തിരി, മധുര പലഹാരങ്ങളുണ്ടെങ്കിൽ അവ) |
| 22.02.2024<br>വ്യാഴാഴ്ച | രാവിലെ | കഞ്ഞി, പയർ, പർപ്പടം |
| | ഉച്ചയ്ക്ക് | അടപ്രഥമനോടു കൂടിയ സദ്യ. |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് (ചിലപ്പോൾ മുന്തിരി,ആപ്പിൾ, ഓറഞ്ച് തുടങ്ങിയവയും) |
| 23.02.2024<br>വെള്ളിയാഴ്ച | രാവിലെ | ഉപ്പുമാവ്, ഏത്തപ്പഴം മുറിച്ച് പുഴുങ്ങിയതയും ബ്രൂകോഫിയും |
| | ഉച്ചയ്ക്ക് | പാലട പ്രഥമനോടു കൂടിയ സദ്യ. |
| | രാത്രി | അവൽ കുതിർത്തത്, പഴം, കരിക്ക് (ചിലപ്പോൾ ഫ്രൂട്ട്സ് സലാഡ്) |

(.........2......)

| | | |
|---|---|---|
| 24.02.2024 | രാവിലെ | കഞ്ഞി, പയർ, പർപ്പടം |
| ശനിയാഴ്ച | ഉച്ചയ്ക്ക് | പഴപ്രഥമനോടു കൂടിയ സദ്യ |
| | രാത്രി | കുതിർത്ത അവൽ, പഴം, കരിക്ക് (ഓറഞ്ച്, മുന്തിരി, ആപ്പിൾ) |

19.02.2024ൽ ഉച്ചയ്ക്കും രാത്രിയിലും, 20.02.2024 മുതൽ 24.02.2024 വരെ രാവിലെയും, ഉച്ചയ്ക്കും, രാത്രിയിലും വിളമ്പുന്നതിന് ഇരുപത് (20) പേരിൽ കുറയാതെ ബ്രാഹ്മണന്മാരായ ആൾക്കാരുണ്ടായിരിക്കണം.

മേൽപ്പറഞ്ഞ സദ്യ ഒരുക്കുന്നതിനും (ഒരു കിലോ ഗ്രാമിനുള്ള നിരക്ക്), വിളമ്പി നൽകുന്നതിനുമായിട്ടുള്ള നിരക്കുകൾ പ്രത്യേകം, പ്രത്യേകമായി ക്വട്ടേഷനിൽ കാണിച്ചിരിക്കണം. യാതൊരു കാരണവശാലും **പാചകത്തിനോ വിളമ്പുന്നതിനോ അബ്രാഹ്മണരെയും, രോഗികളെയും പങ്കെടുപ്പിക്കാൻ അനുവദിക്കുന്നതല്ല**. ടി ആളുകൾ 19.02.2024 മുതൽ 24.02.2024 വരെ ശുദ്ധിയും, വൃത്തിയുള്ളവരും, പാചകം ചെയ്യുമ്പോഴോ, ആഹാര പദാർത്ഥങ്ങൾ വിതരണം ചെയ്യുമ്പോഴോ, **പുകവലി, മുറുക്കുക (വെറ്റില) മൂക്കുപൊടി വലിക്കുക, മദ്യപാനം** എന്നിവ യാതൊരു കാരണവശാലും പാടില്ലാത്തതും ക്ഷേത്ര മര്യാദകൾ കർശനമായും പൂർണ്ണമായും പാലിക്കേണ്ടതുമാകുന്നു. ജോലിയിൽ ഏർപ്പെടുന്നവർ വരുന്ന സമയങ്ങളിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണ്. പാൻ കാർഡിന്റെ കോപ്പി നിർബന്ധമായും ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

**ക്വട്ടേഷനുകൾ, സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, മണക്കാട്, തിരുവനന്തപുരം-9** എന്ന വിലാസത്തിൽ **12.12.2023 ചൊവ്വാഴ്ച** വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിക്കേണ്ടതും അന്നേദിവസം വൈകുന്നേരം 4.30 മണിക്ക് ക്വട്ടേഷൻ നൽകിയിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 5000 രൂപ ട്രസ്റ്റ് ഓഫീസിൽ തുക അടച്ച രസീതോ, ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റായോ അടക്കം ചെയ്തിരിക്കണം. കുത്തിയോട്ട കമ്മിറ്റിയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും പരിഗണനയ്ക്ക് ശേഷം അനുയോജ്യനായ കരാറുകാരനെ തെരഞ്ഞെടുക്കുന്നതും, ട്രസ്റ്റിൽ നിന്നും രേഖാമൂലമായ അറിയിപ്പു ലഭിച്ചതിനുശേഷം കരാർ ലഭിക്കുന്നയാൾ ട്രസ്റ്റ് വ്യവസ്ഥകൾ അംഗീകരിച്ച് 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് എഴുതി ഒപ്പിട്ട് നൽകേണ്ടതുമാണ്. ക്വട്ടേഷൻ നൽകുന്ന കവറിന്റെ പുറത്ത് **"കുത്തിയോട്ട കുട്ടികളുടെ ആഹാരപാചകത്തിനും വിളമ്പിനുമുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. കാരണം കൂടാതെ തന്നെ ക്വട്ടേഷനുകൾ ഭാഗികമായോ പൂർണ്ണമായോ നിരസിക്കുവാനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ക്ഷേത്ര ട്രസ്റ്റിൽ നിലവിലുള്ള ക്വട്ടേഷനുകളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഇതിനും ബാധമായിരിക്കും.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനുവേണ്ടി,

സെക്രട്ടറി

നോട്ടീസ് ബോർഡ്:
1. ക്ഷേത്രം
2. ഓഫീസ്
3. വെബ് സൈറ്റ്

പകർപ്പ് :
1. പ്രസിഡന്റ്, എബിറ്റിറ്റി
2. ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2024
3. ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2024
4. കൺവീനർ, കുത്തിയോട്ട കമ്മിറ്റി, പൊങ്കാല മഹോത്സവം-2024
5. ഫയൽ.

sr